അളവോളം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. സർക്കാർ കൈക്കൊണ്ട ശക്തമായ നടപടികളുടെ ഫലമായി വിലവർദ്ധനവ് ഒരു ആഗോള പ്രതിഭാസമായി മാറിയിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിലെ വർദ്ധനവ് അഖിലേന്ത്യാ ശരാശരിയിലും താഴ്ന്നതാണെന്ന് കാണാവുന്നതാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തന വികസനം

148 [1329] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലാഭകരമായ കച്ചവട സംരംഭങ്ങൾ തുടങ്ങുന്നതു സംബന്ധിച്ച് പഠിക്കാൻ നിയമിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകളെന്തെല്ലാമാണ്;

(സി) ശുപാർശകൾ നടപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സിവിൽ സപ്ലൈസ് ജീവനക്കാർക്ക് സർവ്വീസ് റൂൾസ്

149 [1330] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജോലി നോക്കുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും സർവ്വീസ് റൂൾ ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർ

150 [1331] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വിവിധ തസ്തികകളിലായി എത്ര പേർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly